# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2567** **27/01/2014-ൽ മറുപടിക്ക്**

## കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലെ മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)** |

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലേക്ക് മരുന്ന് വാങ്ങുന്നത് നടപടി ക്രമങ്ങൾ പാലിച്ചാണോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | ഇടനിലക്കാരില്ലാതെ കമ്പനികളിൽ നിന്നോ അതിന്റെ സി. ആന്റ് എഫ് ഏജന്റുമാരിൽ നിന്നോ മരുന്നുകൾ നേരിട്ട് കോർപ്പറേഷൻ, തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ഡിപ്പോകളിൽ സംഭരിക്കുന്നു. ഇതു കൂടാതെ പ്രസ്തുത ഡിപ്പോകളിൽ നിന്നും മരുന്നുകൾ കോർപ്പറേഷന്റെ നേരിട്ടുള്ള ഔട്ട്ലെറ്റുകളിലും ഫ്രാഞ്ചൈസികളിലും ഇടതടവില്ലാതെ എത്തിച്ചുകൊടുക്കുന്നു. പ്രസ്തുത ഡിപ്പോകളിൽ നിന്നു തന്നെയാണ് ഹോൾസെയിലായി മരുന്നു വിതരണവും നടത്തുന്നത്. കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ നിന്നാണ് എല്ലാ കമ്പനി കൾക്കും പ ർച്ചേസ് ഓർഡർ നൽകുന്നത്. നിലവിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ 8500 ഓളം ബ്രാൻഡഡ് മെഡിസിൻ വില്പനയ്ക്കായി ലഭ്യമാണ്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലേയ്ക്ക് മരുന്നുകൾ സംഭരിക്കുന്നത് പ്രൈസ് നെഗോസിയേഷൻ മുഖേനയാണ്. അതിനായി ഒരു പ്രൈസ് നെഗോസിയേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കാരുണ്യ ഫാർമസികളിൽ ജീവൻ രക്ഷാ ഔഷധങ്ങൾ കഴിഞ്ഞ നാലുമാസങ്ങളായി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടോ ; വ്യക്തമാക്കാമോ ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജീവൻരക്ഷാ മരുന്നുകൾ എല്ലാം തന്നെ കുറഞ്ഞത് ഒരു ബ്രാൻഡ് മരുന്നെങ്കിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ ലഭ്യമാണ്. ലഭ്യമല്ലാത്ത മരുന്നുകളുണ്ടെങ്കിൽ ആവശ്യാനുസരണം എത്രയും വേഗം ലഭ്യമാക്കിക്കൊടുക്കുന്നതാണ്. |
| (സി) | ജീവൻ രക്ഷാ ഔഷധങ്ങൾ കാരുണ്യാ ഫാർമസിയിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ